# ശ്രദ്ധ

പി. റ്റി. പൗലോസ്



ശ്രദ്ധ
പി. റ്റി. പൗലോസ്
(മലയാളം: ചെറുകഥ)

© 2021, P. T. Paulose

The electronic versions have been created by making use of the production infrastructure of River Valley Technologies.

The electronic versions were generated from sources marked up in LaTeX in a computer running GNU/LINUX operating system. PDF was typeset using XeTeX from TeXLive 2020 and the cloud framework, Ithal (ഇതൾ). The base font used was traditional script of Rachana, contributed by KH Hussain, et al. and maintained by Rachana Institute of Typography. The font used for Latin script was Linux Libertine developed by Philipp H. Poll.

The electronic versions are released under the provisions of Creative Commons Attribution Non-commercial ShareAlike license for free download and usage.

Cover: Schoolgirl doing homework, a painting by Albert Anker (1831–1910). The image is taken from Wikimedia Commons and is gratefully acknowledged.

**Sayahna Foundation**
JWRA 34, Jagathy, Trivandrum, India 695014
URL: www.sayahna.org

# ശ്രദ്ധ

ഞാൻ സുരേഷ് മേനോൻ. കഥയെഴുതാൻ എനിക്കറിയില്ല. പക്ഷേ, എനിക്കിത് എഴുതാതിരിക്കാൻ കഴിയില്ല. ജന്മവ്യഥകളുടെ ശാന്തമാനങ്ങളിൽ വിരസതയുടെ രാപ്പകലുകൾക്കു വിരാമമിട്ട്, ആകാശത്തിലെ നക്ഷത്രക്കൂട്ടങ്ങളിൽ നിന്നടർന്നുവീണ വെള്ളി നക്ഷത്രമാണവൾ. ഞങ്ങളുടെ പൊന്നുമോൾ. അവളുടെ കലപിലശബ്ദങ്ങൾ ഞങ്ങൾക്ക് ഹൃദയതാളമായി; അവളുടെ കിളിക്കൊഞ്ചൽ ഞങ്ങളുടെ മരവിച്ച മനസ്സുകളെ ഇക്കിളിയിട്ടുണർത്തി.

ആറു മാസം കഴിഞ്ഞ അവളുടെ ചോറൂട്ടും പേരിടീലും ഇന്നലെ ആയിരുന്നു, ഗുരുവായൂരമ്പലത്തിൽ. ലേഖ പതിവിലും ഉന്മേഷവതിയായിരുന്നു. നീണ്ടപതിന്നാലു കൊല്ലത്തെ കാത്തിരിപ്പിനുശേഷം കനിഞ്ഞുകിട്ടിയ അമൂല്യരത്നമാണു പൊന്നുമോൾ. അവളുടെ ചോറൂട്ട് ലേഖയുടെ ഇഷ്ടദേവനായ ശ്രീകൃഷ്ണന്റെ തിരുസന്നിധിയിലാകട്ടെ എന്നു തീരുമാനിച്ചതും അവൾതന്നെ. കൊച്ചുമോൾക്കിടേണ്ട പേര് മനസ്സിലിട്ടു താലോലിക്കുകയായിരുന്നു ലേഖയുടെ അച്ഛൻ ജടാധരക്കുറുപ്പ്. വീട്ടിൽവച്ചു നടത്തിയ ഇരുപത്തെട്ടുകെട്ടിന് എത്താൻ കഴിയാഞ്ഞ അദ്ദേഹത്തോടുള്ള ആദരവായി, ചോറൂട്ടിനുതന്നെ മോൾക്ക് പേരിടാൻ അച്ഛനോടു ഞങ്ങൾ പറയുകയായിരുന്നു. അച്ഛനും അമ്മയും ഏഴുമണിക്കുതന്നെ സേലത്തു നിന്ന് ഗുരുവായൂരിൽ എത്തുമെന്ന് അറിയിച്ചതുകൊണ്ട്, ഞങ്ങൾ വൈക്കത്തുനിന്ന് പുലർച്ചെ നാലു മണിക്കു പുറപ്പെട്ടു.



സീ പോർട്ട്-എയർപോർട്ട് റോഡിലൂടെ, എന്റെ അധ്യാപകജീവിതത്തിനു തുടക്കം കുറിച്ച കാക്കനാട് ഭാരത് മാതാ കോളജിനു മുന്നിലെത്തിയപ്പോൾ, കാല് ബ്രെയ്ക്കിൽ അറിയാതെ അമർന്നു. മറവിയുടെ മാറാല മൂടിയ സ്മരണകളുടെ അസ്വസ്ഥതകളുടെ ആഴങ്ങളിലേക്ക് എന്റെ ചിന്തകൾ താണിറങ്ങി. കാർ യാന്ത്രികമായി ഓടിക്കൊണ്ടേയിരുന്നു. യാത്രയിൽ ഞാൻ ലേഖയോടു സംസാരിച്ചുപോലുമില്ല. മനഃപൂർവ്വമായിരുന്നില്ല. എവിടെയോ മുറിഞ്ഞുപോയ ഓർമ്മകളുടെ കണ്ണികൾ വിളക്കിച്ചേർക്കാൻ ശ്രമിക്കുകയായിരുന്നു. തൃശ്ശൂർ കഴിഞ്ഞ് ഗുരുവായൂർ തിരിഞ്ഞപ്പോൾ ഞാൻ കാർ സൈഡിൽ ഒതുക്കി.

“ലേഖ എന്നോടു ക്ഷമിക്കണം”.

“എന്താണ്, സുരേഷേട്ടാ”.

“മോൾക്ക് പേര് ഞാൻതന്നെ കണ്ടിട്ടുണ്ട്. അതേ ഇടുകയുള്ളൂ.”

“അത് അച്ഛനോടു കാണിക്കുന്ന നന്ദികേടല്ലേ?”.

ഞാൻ അല്പം ദേഷ്യത്തിൽ: “എന്റെ മനഃസാക്ഷിയോട് ഞാൻ നന്ദികേട് കാട്ടാതിരിക്കാനാണ്.”

എന്നെ എന്നും അനുസരിച്ചിട്ടുള്ള ലേഖ പിന്നീടൊന്നും മിണ്ടിയില്ല. ഗുരുവായൂരെത്തി, ചടങ്ങുകളെല്ലാം കഴിഞ്ഞു. മോൾക്ക് എന്റെ മനസ്സിലുണ്ടായിരുന്ന പേരുതന്നെ ഇട്ടു. ലേഖയുടെ അച്ഛന് നീരസമുണ്ടായിരുന്നെങ്കിലും പുറത്തറിയിച്ചില്ല. ഊണു കഴിഞ്ഞ് അച്ഛനും അമ്മയും സേലത്തേക്കും ഞങ്ങൾ വൈക്കത്തേക്കും തിരിച്ചു.

മടക്കയാത്രയിൽ ലേഖയോട് അവളറിയാത്ത ആ കഥ ഞാൻ പറഞ്ഞു. പത്തു വർഷങ്ങൾക്കുമുമ്പ് എന്റെ ഹൃദയത്തിന്റെ ഏതോ കോണിൽ കൂടുകൂട്ടിയ കുഞ്ഞാറ്റയുടെ കഥ. അവൾ ഒരു പ്രഭാതപുഷ്പമായിരുന്നു. ആ പുഷ്പദളങ്ങളിൽ പറ്റിയമർന്ന മഞ്ഞുകണങ്ങളിൽ സ്നേഹത്തിന്റെ ആർദ്രതയുണ്ടായിരുന്നു. നിഷ്കളങ്കതയുടെ കളർകാറ്റായി, സ്നേഹത്തിന്റെ ഇളവൽസ്പർശമായി എന്നെ തലോടിക്കടന്നുപോയ ആ പന്ത്രണ്ടു വയസ്സുകാരി കൊച്ചുസുന്ദരിയെ ഞാൻ വിസ്മൃതിയിലേയ്ക്കു തള്ളിയകറ്റി. എന്നോടു ക്ഷമിക്കു കുട്ടീ. ഈ മറവി എന്റെമാത്രം തെറ്റാണ്, എന്റെമാത്രം.

ഞാൻ ഓർത്തെടുത്തു, അവളെ കണ്ട ആദ്യദിവസം. ഞാനന്ന് കാക്കനാട് ഗസ്റ്റ് ലക്ചററായി ജോലി ചെയ്യുന്നു. എന്നും രാവിലെ എൻ. ജി. ഒ. ക്വാർട്ടേഴ്സ് ബസ് സ്റ്റോപ്പിൽ ബസ്സിറങ്ങി കോളജിലേയ്ക്കു നടക്കുകയാണു പതിവ്. കോളജിലെ കുട്ടികളും അടുത്ത സ്കൂളുകളിലെ കുട്ടികളും ഒപ്പമുണ്ടാവും. ഒരു ദിവസം മൂന്നുപെൺകുട്ടികൾ ഞാൻ നടക്കുന്ന വേഗത്തിൽ എന്നോടൊപ്പം പിറകെ എത്തുന്നു. ഞാൻ തിരിഞ്ഞുനോക്കി. മൂന്നും നല്ല ഗൗരവത്തിലാണ്. ഞാൻ കോളജിലേക്കു തിരിയുന്ന കവലയിലെത്തിയപ്പോൾ അവരെ കണ്ടില്ല. അവർ അവരുടെ സ്കൂളുകളിലേക്ക് തിരിഞ്ഞിട്ടുണ്ടാവും. പിറ്റേ ദിവസവും അവർ പിന്നാലെയുണ്ട്, ഗൗരവഭാവത്തിൽത്തന്നെ. അതിനടുത്ത ദിവസം ഒരു കുട്ടി മാത്രമേയുള്ളൂ. അവൾ പിന്നിൽനിന്നും മുന്നിലേക്കു കയറി എന്നോടൊപ്പം നടക്കുന്നു. ഒന്നും മിണ്ടുന്നില്ല. വെളുത്തുമെലിഞ്ഞുനീണ്ട ഒരു സുന്ദരിക്കുട്ടി. മുടി രണ്ടായി പിന്നിയൊതുക്കി, തോളിൽ സ്കൂൾബാഗുമായി. അവളുടെ സ്കൂളിനടുത്തെത്തിയപ്പോൾ എന്നെ തിരിഞ്ഞുനോക്കി ഒരു പുഞ്ചിരി സമ്മാനിച്ച് അവൾ ഓടിയകന്നു. അടുത്ത ദിവസങ്ങൾ ശനി-ഞായർ അവധി ദിനങ്ങളായിരുന്നു.

തിങ്കളാഴ്ച ഞാൻ ബസ്സിറങ്ങി നടന്നപ്പോഴും ആ കുട്ടി പിറകെയുണ്ട്. എവിടെനിന്നാണ് അവൾ വരുന്നതെന്നുമാത്രം എനിക്കറിയില്ല. ഞാൻ നല്ല വേഗത്തിൽത്തന്നെ നടന്നു. അവൾ ഓടി എന്നോടൊപ്പം എത്താൻ പ്രയാസപ്പെടുന്നു. അവൾ പിറകിൽ നിന്നു, വിളിച്ചുപറഞ്ഞു: “ഒന്നു പതുക്കെ പോ, മാഷേ. ഞാനും പിറകെ എത്തിക്കോട്ടെ.” ഞാൻ നടപ്പ് പതുക്കെയാക്കി. അവൾ എന്നോടൊപ്പമെത്തി. ഞാൻ ചോദിച്ചു: “കുട്ടി എന്റെ പിറകെ എന്തിനാ ഇങ്ങനെ കൂടുന്നത്?”

“ചുമ്മാ, ഒരു രസത്തിന്,”

എനിക്കും അല്പം രസം തോന്നി: “കുട്ടിയുടെ പേരെന്താ?”

“ശ്രദ്ധ. ശ്രദ്ധാവർമ്മ”

“ശ്രദ്ധ ഏതു ക്ലാസ്സിലാ പഠിക്കുന്നത്?”

“സിക്സ് ബി. റോൾ നമ്പർ 24, മൗണ്ട് സിനായ് പബ്ലിക് സ്കൂൾ”

“കുട്ടിയുടെ വീടെവിടെയാ?”

“ഇവിടടുത്താ. മാഷ് ബസ്സിറങ്ങുന്നതിനപ്പുറത്തെ തട്ടുകടയുടെ അരികിലൂടുള്ള വഴിയേ അല്പം പോയാൽമതി”.

“വീട്ടിൽ ആരൊക്കെയുണ്ട്?”

“വീട്ടിൽ അച്ഛൻ ഡോ. പ്രഭാകരവർമ്മ, മെഡിക്കൽ ട്രസ്റ്റ് ഹോസ്പിറ്റലിൽ ന്യൂറോളജിസ്റ്റാണ്. അമ്മ രേഖാവർമ്മ, വീട്ടമ്മയാണ്. നല്ലവണ്ണം ചിത്രം വരയ്ക്കും; അമ്മയുടെ ചിത്രങ്ങളുടെ ഒരു പ്രദർശനം ഫൈൻ ആർട്ട്സ് ഹാളിൽ കഴിഞ്ഞ മാസം ഉണ്ടായിരുന്നു. പിന്നെ, ഒരു ചേച്ചി, ശ്രുതി വർമ്മ. അവൾ സെന്റ് തെരെസാസിൽ പത്തിൽ പഠിക്കുന്നു. പിന്നെ ഞങ്ങളുടെ...”

അപ്പോഴേക്കും അവൾക്കു സ്കൂളിലേക്കു തിരിയേണ്ടിടത്തെത്തി; അവൾ ബൈ പറഞ്ഞ് സ്കൂളിലേയ്ക്ക് വേഗം നടന്നു. ഞാൻ കോളജിലേയ്ക്കു നടക്കുമ്പോൾ ആ കൊച്ചുസുന്ദരിയുടെ കളങ്കമില്ലാത്ത സംസാരത്തെപ്പറ്റിയായിരുന്നു ചിന്ത.

അടുത്ത രണ്ടുമൂന്നു ദിവസം ആ കുട്ടിയെ ഞാൻ കണ്ടില്ല. ബസ്സിറങ്ങിയപ്പോൾ ചുറ്റും നോക്കിയെങ്കിലും അവളെ അവിടെയെങ്ങും കണ്ടില്ല. അടുത്ത ദിവസം എന്റെ ബസ് വരുന്നതും കാത്ത് അവൾ ബസ് സ്റ്റോപ്പിൽ കാത്തുനിൽക്കുകയായിരുന്നു. ബസ്സിറങ്ങിയപ്പോൾ ഓടി എന്റെ അടുത്തെത്തി. മുഖത്ത് അൽപം ക്ഷീണം തോന്നിയെങ്കിലും ഉന്മേഷവതിയായിരുന്നു. ഞങ്ങൾ നടക്കുമ്പോൾ ഞാൻ ചോദിച്ചു: “മോളെ രണ്ടുമൂന്നു ദിവസം കണ്ടില്ലല്ലോ”.

“അപ്പോൾ എന്നെപ്പറ്റി മാഷിന് ചിന്തയുണ്ട്”

“അല്ല ഞാൻ വെറുതെ ചോദിച്ചെന്നേയുള്ളൂ.”

“എനിക്കു പനിയായിരുന്നു.”

“ഇപ്പോഴെങ്ങനെ?”

“കുറഞ്ഞു. പരിപൂർണ്ണസുഖം.”

“അച്ഛൻ ഡോക്ടറായതുകൊണ്ട് ട്രീറ്റ്മെന്റും മരുന്നും സമയത്തിനു കിട്ടിക്കാണും?”

“ഇല്ല. അച്ഛൻ എപ്പോഴും തിരക്കാണ്. അമ്മയാണ് എന്റെയും ചേച്ചിയുടെയും കാര്യങ്ങൾ ശ്രദ്ധിക്കുന്നത്. ഇന്നലെ ഞാൻ മാഷിന്റെ കാര്യം അമ്മയോടു പറഞ്ഞു.”

“എന്റെ എന്തു കാര്യം പറഞ്ഞു? എന്റെ ഒരു കാര്യവും മോൾക്കറിയില്ലല്ലോ.”

“അതല്ല. മാഷിനെ ഞാൻ പരിചയപ്പെട്ടെന്നും, നല്ല മാഷാണെന്നും... എന്നൊക്കെ.”

പതിവുപോലെ അവൾ സ്കൂളിലേക്കും ഞാൻ കോളജിലേക്കും തിരിഞ്ഞു. ആ നിമിഷം മുതൽ ആ സുന്ദരിക്കുട്ടി എന്റെ ഹൃദയത്തിൽ ഒരു പൊറ്റിക്കു കൂടൊരുക്കിക്കഴിഞ്ഞിരുന്നു.

അടുത്ത ദിവസം ഞാൻ ബസ്സിറങ്ങിയപ്പോൾ അവളെ കണ്ടില്ല. ഞാൻ അവൾക്കുവേണ്ടി വെയ്റ്റ് ചെയ്തു. പെട്ടിക്കടയുടെ അരികിലുള്ള വഴിയിലൂടെ അവൾ ഓടിവരുന്നു. അടുത്തെത്തിയപ്പോൾ കിതച്ചുകൊണ്ട്: “എന്റെ മാഷേ, ഞാനിന്നൽപം വൈകിപ്പോയി. മാഷ് എനിക്കുവേണ്ടിയും കാത്തിരിപ്പ് തുടങ്ങി!”

ഞാൻ മറുപടിയൊന്നും പറയാതെ അവളോടൊപ്പം നടപ്പു തുടങ്ങി. ഞാൻ കോളജദ്ധ്യാപകനാണെന്നും ഇംഗ്ലീഷാണ് എന്റെ വിഷയമെന്നും അവൾ എന്നിൽനിന്ന് ചോദിച്ചറിഞ്ഞു. അവൾ ചോദിച്ചു: “മാഷിന് കടങ്കഥകൾ ഇഷ്ടമാണോ?”

“അങ്ങനെ പ്രത്യേകിച്ച് ഇഷ്ടമൊന്നുമില്ല”

“എങ്കിലും ചോദിക്കട്ടെ?”

“ഉം, നോക്കാം.”

“എന്നാൽ പിടിച്ചോ. ‘ഞെട്ടില്ലാ വട്ടയില’?”

“‘പപ്പടം’. അതാർക്കാണ് അറിയില്ലാത്തത്!”

“കാള കിടക്കും, കയറോടും?”

“മത്തങ്ങ.”

“കിലുകിലുക്കം കിക്കിലുക്കം ഉത്തരത്തിൽ ചത്തിരിക്കും?”

ഞാൻ ചിരിച്ചുകൊണ്ട്, “താക്കോൽ’. ഇതൊക്കെ എല്ലാവർക്കും അറിയാവുന്നതല്ലേ? ഈ കൊച്ചിന്റെ ഒരു കാര്യം!”

“എന്നാൽ ദാ പിടിച്ചോ അടുത്ത ചോദ്യം: അമുൽ എന്ന വാക്കിന്റെ പൂർണ്ണരൂപം പറയൂ, മാഷേ.”

അവൾ കടങ്കഥകൾ വിട്ട് അറിവിന്റെ അടുത്ത മേഖലയിലേക്കു കടന്നു. ഞാനൊന്നു പതുങ്ങി. AMUL... അത് എനിക്കറിയാവുന്നതായിരുന്നല്ലോ, പക്ഷേ, ശരിക്കും ഓർമ്മവരുന്നില്ല. ശ്രദ്ധയുടെ മുന്നിൽ തോറ്റുകൊടുക്കാതെ തരമില്ലെന്നായി. “അറിയില്ല, സമ്മതിച്ചു. കുട്ടി പറയൂ.”

“അങ്ങനെ വഴിക്കു വാ, മാഷേ. ആനന്ദ് മിൽക്ക് യൂണിയൻ ലിമിറ്റഡ്. വേണമെങ്കിൽ കുറിച്ചോളൂ.”

എന്നെ ഒന്നിരുത്തിക്കൊണ്ട് ആണ് അവൾ പറഞ്ഞത്. പക്ഷേ, ആ കളിയാക്കൽ ഞാൻ ആസ്വദിക്കുകയായിരുന്നു. പിന്നെ അവൾ ഒരു കവിതയുടെ വരികൾ ഉരുവിട്ടു:

> “സ്നേഹത്തിൽനിന്നുദിക്കുന്നു ലോകം,
> സ്നേഹത്താൽ വൃദ്ധി തേടുന്നു;
> സ്നേഹംതാൻ ശക്തി ജഗത്തിൽ, സ്വയം
> സ്നേഹംതാൻ ആനന്ദമാർക്കും”

“ഈ കവിത ആരെഴുതിയതാണ്? കോളജ് മാഷ് പറയട്ടെ.”

ശ്രദ്ധ അൽപം ഗൗരവത്തിലാണ്. ഞാൻ ശരിക്കും പരുങ്ങലിലായി. കവിത ഞാൻ പഠിച്ചതാണ്. പക്ഷേ, കവിയുടെ പേര് അങ്ങു ശരിക്കു കിട്ടുന്നില്ല. എങ്കിലും തട്ടിവിട്ടു: “വള്ളത്തോൾ”

അതു കേട്ടതും, ശ്രദ്ധ റോഡിൽ കുത്തിയിരുന്നു. പൊട്ടിച്ചിരിച്ചു. എന്റെ ചമ്മൽ പുറത്തറിയിക്കാതെ ഞാൻ മുൻപോട്ടു നടന്നു. അവൾ പിറകിൽനിന്ന് വിളിച്ചു പറയുന്നുണ്ടായിരുന്നു:

“ശരിയുത്തരം കുമാരനാശാനാണ്, മാഷേ.”

എന്റെ ചമ്മൽ അവൾ കാണാതിരിക്കാൻ, ഞാൻ തിരിഞ്ഞുനോക്കിയില്ല.

അടുത്ത ദിവസം ഞങ്ങൾ നടന്നുപോകുമ്പോൾ ആ ആറാംക്ലാസ്സുകാരിയുടെ മുന്നിൽ ഞാനല്പം ചെറുതായതായി തോന്നി. കുറെനേരം ഞങ്ങൾ ഒന്നും മിണ്ടാതെ നടന്നു. നിശ്ശബ്ദതയ്ക്കു വിരാമമിട്ട് ശ്രദ്ധ ചോദിച്ചു: “മാഷ് എന്നോടു പിണക്കമാണോ?”



“ഹേയ്, അല്ല.”

“എന്നാൽ ഇംഗ്ലീഷ് മാഷോട് ഒരു ഇംഗ്ലീഷ് ചോദ്യം. എന്താ, തയ്യാറാണോ?”

“തയ്യാർ”

“ഏതു രാജ്യത്തിന്റെ പേര് ഇംഗ്ലീഷിൽ എഴുതുമ്പോഴാണ് വവൽസ് അഞ്ചും ഉൾപ്പെടുന്നത്? യുവർ ടൈം സ്റ്റാർട്സ് നൗ”

“എന്നുവച്ചാൽ?”

“എന്നുവച്ചാൽ കുന്തം. ഉത്തരം പറയൂ, മാഷേ.”

“ഞാൻ തോറ്റു. ശ്രദ്ധ പറയൂ.”

“Mozambique”

അവൾ എന്റെ പുറത്തു തട്ടി സാന്ത്വനപ്പെടുത്തി: “സാരമില്ല, മാഷേ. ട്രൈ എഗെൻ. പരിശ്രമിച്ചുകൊണ്ടേയിരിക്കു എങ്കിൽ മാത്രമേ നമ്മൾ ജീവിതത്തിൽ എവിടെയെങ്കിലുമൊക്കെ എത്തുകയുള്ളൂ.” എന്ന് ഒരുപദേശവും. ഞാൻ ഇളിഭ്യനായി. അതിനടുത്ത ദിവസങ്ങളിൽ അവളുടെ ബുദ്ധിപരമായ ചോദ്യങ്ങളായിരുന്നു. കോഹിനൂർ രത്നവും ഐഫൽ ടവറും താജ് മഹലും ഡാവിഞ്ചിയുടെ മോണാലിസയും കടന്ന്, അമേരിക്കൻ പ്രസിഡന്റിന്റെ അവധിക്കാലവസതിയായ കാമ്പ് ഡേവിഡ് വരെ. മിക്ക ഉത്തരങ്ങളും അവൾതന്നെ നല്കിക്കൊണ്ടിരുന്നു. കാരണം ശരിയുത്തരങ്ങൾ എനിക്കറിയില്ലായിരുന്നു. സത്യത്തിൽ ശ്രദ്ധ എന്ന ആറാംക്ലാസ്സുകാരി അളക്കാനാവാത്ത അറിവിന്റെ ഒരു ഗോപുരമായിരുന്നു.

മധ്യവേനലവധി കഴിഞ്ഞ് സ്കൂൾ തുറന്ന ദിവസം. രണ്ടു മാസങ്ങൾക്കുശേഷമാണ് ഞാനവളെ കാണുന്നത്. നല്ല പ്രസരിപ്പും ഉന്മേഷവും. അവൾ കൂടുതൽ സുന്ദരിയായിരിക്കുന്നു. എന്നോടു പറ്റിച്ചേർന്നു നടന്നുകൊണ്ട്, അവൾ പറഞ്ഞു:

“മാഷേ, അയാം നൗ ഇൻ ക്ലാസ് സെവൻ.”

‘കൺഗ്രാറ്റ്സ്, ശ്രദ്ധ.’

“താങ്ക് യൂ, മാഷേ.”

ഞാൻ കരുതിയിരുന്ന ഒരു പാർക്കർ പെൻസെറ്റ് അവൾക്ക് ഗിഫ്റ്റായി നല്കി. അവൾക്കപ്പോൾ നിധി കിട്ടിയ സന്തോഷം. ഓരോ ദിവസവും ഞങ്ങൾ കൂടുതൽ കൂടുതൽ അടുക്കുകയായിരുന്നു. ഒരു ദിവസം അവൾ ചോദിച്ചു: “മാഷ് കല്യാണം കഴിച്ചതാണോ?”

“അതെ.”

“എത്ര നാളായി?”

“നാലഞ്ചു വർഷമായി.”

“കുട്ടികൾ”

“ഇല്ല.”

“ഞാൻ പ്രാർത്ഥിക്കാം, മാഷേ.”

“എന്തിന്”

“മാഷിന് കുട്ടികളുണ്ടാകാൻ.”

അതിനടുത്ത ദിവസം അവൾ വന്നപ്പോൾ വാഴയിലയിൽ ചുരുട്ടിയ ഒരു പൊതി അവളുടെ കൈയിലുണ്ടായിരുന്നു: “ഇത് അമ്മയുടെ തറവാട്ടുവീട്ടിലെ ഹനുമാൻകോവിലിലെ പ്രസാദമാണ്. ഇതു കഴിച്ചാൽ കുട്ടികളില്ലാത്തവർക്ക് കുട്ടികളുണ്ടാകുമെന്ന് മുത്തശ്ശി പറയുന്നത് ഞാൻ കേട്ടിട്ടുണ്ട്.”

എനിക്കവൾ പ്രസാദം തന്നു. ഞാനത് കൗതുകത്തോടെ വാങ്ങി. അവൾ സ്കൂളിലേയ്ക്കു തിരിയുന്നതിനുമുമ്പ് എന്നോട്: “മാഷോട്, ഒരു കാര്യം പറഞ്ഞാൽ ചെയ്യുമോ?”

“ശ്രദ്ധ പറയൂ.”

“മാഷിന് പെൺകുട്ടിയാണുണ്ടാകുന്നതെങ്കിൽ എന്റെ പേരിടുമോ?”

“അതിനെന്താ, ഇടാമല്ലോ.”

അവൾ തിരിഞ്ഞു് സ്കൂളിലേയ്ക്ക് ഓടുകയായിരുന്നു.

ആ വർഷം ക്രിസ്തുമസ് അവധിക്ക് പിരിഞ്ഞു.

ക്രിസ്തുമസ്-പുതുവത്സരാശംസകൾ പരസ്പരം നേർന്ന് സ്കൂൾ തുറക്കുമ്പോൾ കാണാമെന്ന ഉറപ്പോടെ. ആ ഉറപ്പു പാലിക്കാൻ അവൾക്കായില്ല. വെക്കേഷൻ കഴിഞ്ഞു വന്നപ്പോൾ ഞാനറിഞ്ഞു: ക്രിസ്തുമസ് ദിനത്തിലെ വിനോദയാത്രയിൽ ആതിരപ്പള്ളി ജലാശയത്തിലെ കുത്തൊഴുക്കിൽപ്പെട്ടു ജീവനറ്റമൂന്നു കുട്ടികളിൽ ഒരാൾ ഡോ. പ്രഭാകരവർമ്മയുടെ ഇളയ മകൾ...

വൈറ്റില സിഗ്നലിൽ കാർ നിന്നപ്പോൾ ഞാൻ തിരിഞ്ഞുനോക്കി. നിശ്ശബ്ദയായി കരയുന്ന ലേഖയുടെ മടിയിൽ ശ്രദ്ധ ഉറങ്ങുകയാണ്, എന്റെ ശപിക്കപ്പെട്ട മറവിയോടു കലഹിച്ചുകൊണ്ട്.

□

## പി. റ്റി. പൗലോസ്



എറണാകുളം ജില്ലയിലെ കൂത്താട്ടുകുളം സ്വദേശി. 1968 മുതൽ കാൽനൂറ്റാണ്ടുകാലം കൽക്കട്ട ആയിരുന്നു പ്രവർത്തന മണ്ഡലം. പിന്നീട് പതിനഞ്ചുവർഷം കൊച്ചിയിൽ. 2010 മുതൽ ന്യൂയോർക്ക് ലോംഗ് ഐലന്റിലെ ഫ്രാങ്ക്ലിൻ സ്ക്വയറിൽ കുടുംബവുമായി താമസിക്കുന്നു. രണ്ടരപതിറ്റാണ്ട് നീണ്ട കൽക്കത്ത ജീവിതത്തിൽ പത്രപ്രവർത്തന രംഗത്തും നാടകപ്രവർത്തന രംഗത്തും മറ്റ്—കലാ-സാഹിത്യ-സാമൂഹ്യ-സാംസ്കാരിക മേഖലകളിലും സജീവപങ്കാളിത്തമുണ്ടായിരുന്നു. നാടകനടൻ സംവിധായകൻ എന്ന നിലകളിൽ ഏറെ ശ്രദ്ധിക്കപ്പെട്ടു. ഇൻഡ്യയിലെ ദേശീയ അടിയന്തിരാവസ്ഥയുടെ കറുത്ത നാളുകളിലെ അറിയപ്പെടാത്ത പല കഥകളും വിവിധ പ്രാദേശിക പത്രങ്ങളിലൂടെ പുറംലോകത്തെ അറിയിച്ചു. അതിന്റെ പേരിൽ വധഭീഷണിവരെ നേരിട്ടിട്ടുണ്ട്. കൽക്കട്ട മലയാളി അസോസിയേഷൻ സ്ഥാപകാംഗവും പ്രസിഡന്റുമായിരുന്നു. ബംഗാൾ റാഷണലിസ്റ്റ് അസ്സോസിയേഷൻ സ്ഥാപക സെക്രട്ടറിയായും സേവനമനുഷ്ഠിച്ചു. ആർട്സ് സെന്റർ കൽക്കട്ട എന്ന നാടക സമിതിയിലും ഏറെക്കാലം പ്രവർത്തിച്ചു. മൂവാറ്റുപുഴ താലൂക്ക് ലൈബ്രറികൗൺസിൽ മെമ്പറായി പ്രവർത്തിക്കുവാനും അവസരം ലഭിച്ചിട്ടുണ്ട്. നാടകങ്ങളും കഥകളും ലേഖനങ്ങളുമായി ആറ് പുസ്തകങ്ങൾ രചിച്ചിട്ടുണ്ട്. ഇപ്പോൾ അച്ചടി—ഓൺ ലൈൻ മാധ്യമങ്ങളിൽ കഥകളും ലേഖനങ്ങളും എഴുതുന്നതോടൊപ്പം ന്യൂയോർക്ക് സർഗ്ഗവേദിയുടെ അമരക്കാരിൽ ഒരാളായി പ്രവാസ സാഹിത്യപ്രവർത്തനങ്ങളിൽ സജീവം. 2014 ഫൊക്കാന, 2019 ഇ-മലയാളി സാഹിത്യ പുരസ്കാര ജേതാവ്.

കലിഗ്രഫി: എൻ. ഭട്ടതിരി

RIVER VALLEY
DIGITAL LIBARY
*empowering the author …*

- “റിവർ വാലി പ്രസ്” എന്ന ലേബലിൽ, സായാഹ്ന ആറു മാസത്തിലൊരിക്കൽ മുൻനിര എഴുത്തുകാരുടെ ഇരുപതു് പുസ്തകങ്ങൾ വീതം ഡിജിറ്റൽ പ്രസാധനം നടത്തുന്നു. ഈ സേവനത്തിന്റെ വാർഷിക വരിസംഖ്യ:

| രാജ്യം | കറൻസി | വരിസംഖ്യ |
|---|---|---|
| ഇന്ത്യ (119 വീതം ആറു മാസത്തിലൊരിക്കൽ) | രൂപ | 238 |
| യുഎസ്, കാനഡ | യുഎസ് ഡോളർ | 10 |
| യൂറോപ് | യൂറോ | 10 |
| മറ്റു വികസിത രാഷ്ട്രങ്ങൾ | യുഎസ് ഡോളർ | 10 |
| ഖത്തർ | റിയാൽ | 20 |
| യുഎഇ | ദിർഹം | 20 |
| സൗദി അറേബ്യ | റിയാൽ | 20 |
| കുവൈറ്റ് | ദിനാർ | 2 |
| ഒമാൻ | ദിനാർ | 2 |
| ബഹ്റിൻ | ദിനാർ | 2 |
| മലേഷ്യ | റിങ്കിറ്റ് | 25 |

- പ്രസാധകരുടെ നിരന്തരചൂഷണത്തിനു വിധേയരായിക്കൊണ്ടിരിക്കുന്ന എഴുത്തുകാരെ ശക്തിപ്പെടുത്തുക, നല്ല വായനാവിഭവങ്ങൾ ചെറുതുകയ്ക്കു വായനക്കാർക്കു ലഭ്യമാക്കുക, ഇന്റർനെറ്റിനെയും സാങ്കേതിക മുന്നേറ്റത്തെയും സാംസ്കാരികവളർച്ചയ്ക്കു് ഉപയോഗിക്കുക എന്നിവയാണു് പ്രധാനലക്ഷ്യങ്ങൾ.
- എല്ലാതരം സ്മാർട്ട്ഫോണുകളിലും വായിക്കുവാൻ പറ്റിയ തരത്തിലാണു് ഉള്ളടക്കം ലഭ്യമാക്കുക.
- ഈ പദ്ധതിയിൽ താല്പര്യം തോന്നുന്നുവെങ്കിൽ ഇവിടെ രജിസ്റ്റർ ചെയ്യുക. (രജിസ്റ്റർ ചെയ്യുമ്പോൾ പണം/കാർഡ് വിവരങ്ങൾ നല്കേണ്ടതില്ല.)
- കുടുംബാംഗങ്ങൾക്ക്/സുഹൃത്തുക്കൾക്ക് സമ്മാനം രജിസ്റ്റർ ചെയ്യുക.
- കൂടുതൽ വിവരങ്ങൾ അറിയാൻ:
  1. ഡിജിറ്റൽ പ്രസാധനനയം
  2. സായാഹ്നയെക്കുറിച്ചു അറിയുക
  3. Who’s who
  4. സായാഹ്ന ഫോൺ പിഡിഎഫുകൾ
  5. സായാഹ്ന ഗ്രന്ഥശേഖരം
  6. സായാഹ്ന വിക്കി
- പ്രതികരണങ്ങൾ <info@sayahna.org> എന്ന ഇമെയിലിലേയ്ക്ക് അയയ്ക്കുക.

സായാഹ്ന ഫൗണ്ടേഷൻ, ജഗതി, തിരുവനന്തപുരം 695014